# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6332** **03/04/2018-ന് മറുപടിയ്ക്ക്**

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.വി. ജോയി : | മറുപടി<br>എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|
| (എ) പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി എന്ന നിലയിൽ ലഭിച്ചു വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കുന്നത് മുടക്കം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | മുൻ സർക്കാർ കാലത്ത് മതിയായ പഠനം ഇല്ലാതെ 30 സമുദായങ്ങളെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുകയും, ബഡ്ജറ്റിൽ അധിക തുക അനുവദിക്കാതെയും വന്നതിനെ തുടർന്ന് ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശികയാവുന്ന സ്ഥിതി ഉണ്ടായി. എന്നാൽ പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് മാത്രമായി കുടിശ്ശിക ഉണ്ടാവുന്ന സ്ഥിതി ഉണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 ൽ 53 കോടി രൂപയും, 2017-18 വർഷങ്ങളിൽ 150 കോടി രൂപയും ബഡ്ജറ്റ് വിഹിതത്തിന് പുറമെ കുടിശ്ശിക തീർക്കാനായി പ്രത്യേകം അനുവദിച്ചു. |
| (ബി) മുടക്കം വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | 2017-18 ലെ ബഡ്ജറ്റിൽ പദ്ധതി പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ 163 കോടി രൂപയ്ക്ക് പുറമെ 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജനുവരി 15 വരെയുള്ള ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ